അടിയന്തരപ്രമേയം

## അബ്ദുൾ ഷെറീഫിന്റെ കൊലപാതകം

മി. സ്പീക്കർ: ശ്രീ. ഇ. ചന്ദ്രശേഖരൻ ഈ വിഷയവുമായി ബന്ധപ്പെട്ട് സബ്മിഷൻ തന്നിരുന്നു. അടിയന്തരപ്രമേയം വന്നപ്പോൾ സ്വാഭാവികമായും സബ്മിഷന്റെ സാദ്ധ്യത ഇല്ലാതെയാകുന്നു.

കാസർഗോഡ് ജില്ലയിലെ പനത്തടി പഞ്ചായത്തിൽപ്പെട്ട പാണത്തൂരിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ അബ്ദുൾ ഷെറീഫിനെ ആയുധധാരികളായ ഗുണ്ടകൾ സംഘം ചേർന്ന് 29.06.2014-ന് കൊലപ്പെടുത്തിയതിനെത്തുടർന്ന് ജനങ്ങളാകെ ആശങ്കയിലായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ജെയിംസ് മാത്യു, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 2014 ജൂൺ 25, 29 എന്നീ രണ്ട് തീയതികളിൽ കാസർഗോഡ് ജില്ലയിലെ പനത്തടി ഗ്രാമത്തിൽ രണ്ട് കൊലപാതകങ്ങളുണ്ടായി. ഇത് രാഷ്ട്രീയ സംഘട്ടനമോ വിരോധമോകൊണ്ട് ഉണ്ടായതല്ല. പ്രാദേശിക തലത്തിലുണ്ടായ ചില വാക്കുതർക്കങ്ങളെ തുടർന്നുണ്ടായ സംഘട്ടനത്തിലാണ് അബ്ദുൾ ഷെറീഫും അതിനുമുമ്പ് അരുൺ ലാലും മരിച്ചത്. ഷെറീഫ് സി.പി.ഐ.(എം.) അനുഭാവിയും അരുൺലാൽ ബി.ജെ.പി. അനുഭാവിയുമാണ്. 25.06.2014-ന് 10.20 മണിയോടെ പനത്തടി ഗ്രാമപഞ്ചായത്തിൽ ചാമുണ്ഡിക്കുന്ന് എന്ന സ്ഥലത്ത് പാൽ സൊസൈറ്റിക്ക് മുൻവശത്തെ

റോഡിൽ വച്ച് അജയൻ എന്ന ഒരാളിനോടൊപ്പം ആട്ടോറിക്ഷയിൽ യാത്ര ചെയ്യുകയായിരുന്ന അരുൺ ലാൽ, ആട്ടോറിക്ഷ ഡ്രൈവർ ബിജു എന്നിവരെ ആട്ടോറിക്ഷ തടഞ്ഞുനിർത്തി കെ.എം. ജോസഫ് എന്ന ജോസ് വെട്ടി പരിക്കേൽപ്പിച്ചു. സംഭവത്തിൽ ഗുരുതരമായി പരിക്കേറ്റ അരുൺലാലിനെ കാഞ്ഞങ്ങാട് ആശുപത്രിയിൽ എത്തിച്ച സമയത്ത് മരണപ്പെട്ടു. ഈ കാര്യത്തിൽ രാജപുരം പോലീസ് സ്റ്റേഷനിൽ മേൽപ്പറഞ്ഞ അജയന്റെ പരാതി പ്രകാരം കജഇ 302, 307 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 205/2014 –ആയി കേസ് രജിസ്റ്റർ ചെയ്തു. കുട്ടിക്കാനത്ത് ഒരു മരണവീട്ടിൽ നിന്ന് യാത്രക്കാരെയും കയറ്റി ബിജു ഓടിച്ചുവന്ന ആട്ടോറിക്ഷയിൽ ജോസഫിനെ കയറ്റാത്തതിലുള്ള വിരോധത്താൽ ജോസഫ് ആട്ടോറിക്ഷ വഴിയിൽ തടഞ്ഞുനിർത്തി ഡ്രൈവർ ബിജുവിനെ കുത്തി പരിക്കേൽപ്പിക്കുകയും അത് തടയാൻ ശ്രമിച്ച അരുൺലാലിന് കുത്ത് ഏൽക്കുകയുമായിരുന്നു. മരിച്ച അരുൺ ലാൽ ബി.ജെ.പി. അനുഭാവിയും പ്രതി ജോസഫ് സി.പി.ഐ. (എം) അനുഭാവിയുമാണ്. എങ്കിലും ഈ സംഭവത്തിൽ രാഷ്ട്രീയ വിരോധമില്ലാത്തതാണ്. ആട്ടോറിക്ഷയിൽ കയറ്റുന്നതുമായി ബന്ധപ്പെട്ട തർക്കത്തെത്തുടർന്നുണ്ടായ സംഭവത്തിൽ പ്രതി ജോസഫിനെ 27.06.2014 –ാം തീയതി അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി ഹോസ്ദുർഗ്ഗ് സബ് ജയിലിൽ റിമാന്റിൽ പാർപ്പിച്ചുവരികയാണ്. അരുൺ ലാലിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് 26.06.2014–ൽ പനത്തടി ഗ്രാമ പഞ്ചായത്തിൽ ബി.ജെ.പി. പ്രവർത്തകർ ഹർത്താൽ ആചരിച്ചു. ഹർത്താലിനിടയിൽ റോഡിലൂടെ മോട്ടോർ സൈക്കിൾ ഓടിച്ചുപോയ സി.പി.ഐ.(എം) അനുഭാവിയായ ഷെറീഫിനെ (23 വയസ്) ഹർത്താൽ അനുകൂലികളായ രാജേഷും മറ്റും ചേർന്ന് തടഞ്ഞ് വാക്കേറ്റമുണ്ടാകുകയും ഇരുവരും പിരിഞ്ഞുപോയതുമാ

ണ്. 29–ാം തീയതി രാത്രി 7 മണിയോടെ പാണത്തൂർ മുസ്ലീം പള്ളിക്ക് മുൻവശത്തുവച്ച് ബി.ജെ.പി. അനുഭാവിയായ രാജേഷും സി.പി.ഐ.(എം) അനുഭാവിയായ ഷെറീഫും തമ്മിൽ വീണ്ടും വാക്കുതർക്കമുണ്ടാകുകയും രാജേഷ് തന്റെ കയ്യിലിരുന്ന കത്തി കൊണ്ട് ഷെറീഫിനെ കുത്തി പരിക്കേൽപ്പിച്ചതിനാൽ മംഗലാപുരം ആശുപത്രിയിലേയ്ക്കുള്ള മാർഗ്ഗമദ്ധ്യേ ഷെറീഫ് മരണപ്പെടുകയും ചെയ്തു. ഷെറീഫിന്റെ സഹോദരൻ ഷെഫീഖിന്റെ മൊഴി പ്രകാരം രാജേഷിനെ പ്രതിയാക്കി കജഇ 302 –ാം വകുപ്പ് പ്രകാരം ക്രൈം 208/2014 – ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ സംഭവത്തിൽ ഷെറീഫിനോടൊപ്പമുണ്ടായിരുന്ന ആളുകൾ രാജേഷിനെ തടഞ്ഞുവയ്ക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തു. പരിക്കേറ്റ രാജേഷിനെ കാസർഗോഡ് ഗവൺമെന്റ് ആശുപത്രിയിൽ പോലീസ് എത്തിക്കുകയും ടിയാൻ ഇപ്പോൾ പോലീസ് നിരീക്ഷണത്തിലുമാണ്. ഈ രണ്ട് സംഭവങ്ങളിലും പോലീസ് കേസെടുക്കുകയും പ്രതികളെയെല്ലാം പിടിക്കുകയും ചെയ്തു. സംഭവസ്ഥലം എസ്.പി. സന്ദർശിച്ചിട്ടുണ്ട്. അവിടെ ഇപ്പോൾ സംഘർഷാവസ്ഥ നിലവിലില്ല. ഈ പ്രദേശത്ത് പോലീസ് കൂടുതൽ ജാഗ്രത പാലിക്കുന്നുണ്ട്. ശ്രീ. ഇ. ചന്ദ്രശേഖരൻ ഇന്നലെ എന്നെ ഫോണിൽ വിളിച്ച് ഈ സംഭവങ്ങൾ പറഞ്ഞിരുന്നു. ശ്രീ. ഇ. ചന്ദ്രശേഖരൻ പറഞ്ഞതനുസരിച്ച് കാസർഗോഡ് എസ്.പി.യോടും കളക്ടറോടും വിവരങ്ങൾ ഞാൻ ആരാഞ്ഞു. എസ്.പി. സംഭവ സ്ഥലത്ത് പോകണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം അവിടെപ്പോവുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. അവിടെ ഇപ്പോൾ സംഘർഷാവസ്ഥ നിലവിലില്ല. പക്ഷേ പോലീസ് ജാഗ്രതയോടുകൂടി അവിടെ നിരീക്ഷണവും മറ്റ് കാര്യങ്ങളും നടത്തുന്നുണ്ട്.

ശ്രീ. ജെയിംസ് മാത്യു: ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി നാല് ദിവസത്തിനിടയിൽ കാസർഗോഡ് നടന്ന രണ്ട് കൊലപാതകങ്ങളെ സംബന്ധിച്ച് വിശദീകരിച്ചതിന്റെ തുടക്കത്തിൽത്തന്നെ വസ്തുതയ്ക്ക് നിരക്കാത്ത ഒരു കാര്യം ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. അബ്ദുൾ ഷെറീഫിനോടൊപ്പമുണ്ടായിരുന്ന ആളുകൾ കൊലയാളിയായ രാജേഷിനെ ആക്രമിച്ച് പരിക്കേൽപ്പിച്ചു എന്നൊരു പരാമർശം ബഹുമാന്യനായ മന്ത്രി യുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. അദ്ദേഹം ഇവിടെ വിശദീകരിച്ച മറ്റ് കാര്യങ്ങളൊക്കെ വസ്തുതയാണ്. അവിടെ നടന്നത് രാഷ്ട്രീയ സംഘർഷ മല്ല. കാസർഗോഡിന്റെ പശ്ചാത്തലം ആഭ്യന്തര വകുപ്പുമന്ത്രിക്കും ഈ സഭയിലെ അംഗങ്ങൾക്കും പൂർണ്ണമായും അറിവുള്ളതാണ്. വളരെ നിസ്സാരമായ സംഭവങ്ങൾ പോലും വളരെ വേഗത്തിൽ വർഗ്ഗീയവൽക്കരി ക്കുകയും ലഹളകൾക്കും കലാപങ്ങൾക്കും കാരണമാകുന്ന ഒരു അന്തരീക്ഷം നിലനിൽക്കുന്ന ജില്ലയാണ് കാസർഗോഡ്. നിരവധി അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ആ ഒരു സാഹചര്യത്തിൽ അവിടെയു ണ്ടായ സംഭവത്തെക്കുറിച്ച് വസ്തുനിഷ്ഠമായി പരിശോധിക്കുകയും യഥാവിധി നടപടി സ്വീകരിക്കാൻ നാം തയ്യാറാവുകയും ചെയ്യുന്നില്ലെങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുമെന്നു മാത്രമല്ല അത് വർഗ്ഗീയ ലഹളകൾക്കും കലാപങ്ങൾക്കും വഴിവയ്ക്കുകയും ചെയ്യും. റംസാൻ മാസത്തിലെ ആദ്യ ദിവസം നോമ്പ്തുറ കഴിഞ്ഞ് പാണത്തൂർ ജുമാമസ്ജി ദ്ദിൽ നിന്ന് മഗ്രിബ് നിസ്കാരവും കഴിഞ്ഞ് പുറത്തുവന്ന അബ്ദുൾ ഷെറീഫിനെയാണ് സഹോദരനോടൊപ്പം വീട്ടിലേക്ക് പോകുന്ന വഴി ഇവിടെ സൂചിപ്പിച്ച പ്രതിയും ആർ.എസ്.എസ്., ബി.ജെ.പി. ക്രിമിനലുകളും ചേർന്ന് കുത്തി കൊലപ്പെടുത്തിയത്. പള്ളിയിൽ നിന്ന് പുറത്തുവന്ന

ആളുകളാണ് ഓടിക്കൂടുകയും ഈ കൊലയാളിയെ പിടിക്കുകയും ചെയ്തത്. അതാണ് ഞാൻ സൂചിപ്പിച്ചത് ബഹുമാനപ്പെട്ട മന്ത്രിയുടെ പരാമർശത്തിൽ, അബ്ദുൾ ഷെറീഫിനോടൊപ്പമുണ്ടായിരുന്നവർ എന്ന ഒരു പരാമർശമുണ്ടാകുമ്പോൾ, സ്വാഭാവികമായും അബ്ദുൾ ഷെറീഫും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ആളുകൾക്കും ഏതെങ്കിലും വിധത്തിലുള്ള ഒരാക്രമണ ഉദ്ദേശ്യമുണ്ടായിരുന്നോ എന്ന് സംശയം തോന്നിപ്പിക്കാൻ ഇടയുള്ളതാണ്. യഥാർത്ഥത്തിൽ അത്തരം ഒരു സംഭവമേയില്ല. ഇവിടെ മന്ത്രിതന്നെ ചൂണ്ടിക്കാണിച്ച, വിവാഹ വീട്ടിൽ പോയി തിരികെ വരുന്ന സമയത്തുണ്ടായ സംഭവം, സാധാരണ ഹർത്താൽ നടക്കുന്ന ദിവസങ്ങളിലും ആളുകൾ മോട്ടോർ ബൈക്ക് ഉപയോഗിക്കാറുണ്ട്. മോട്ടോർ ബൈക്കിൽ യാത്ര ചെയ്ത അബ്ദുൾ ഷെറീഫിനെ തടഞ്ഞുനിർത്തിയ ബി.ജെ.പി.– ആർ.എസ്.എസ്. ക്രിമിനലുകളോട് നിങ്ങൾ എങ്ങനെയാണിവിടെ എത്തിയത് എന്ന് ചോദിച്ചു. കാരണം അവിടെ വന്നവരുടെ മോട്ടോർ ബൈക്കെല്ലാം ആ ടൗണിൽ വച്ചിരിക്കുന്നു. ആ മോട്ടോർ ബൈക്കുകളിൽ യാത്ര ചെയ്തുവന്ന ആളുകൾ തന്നെയാണ് മോട്ടോർ ബൈക്കിൽ യാത്ര ചെയ്തുവന്ന ഷെറീഫിനെ തടഞ്ഞുനിർത്തി കയ്യേറ്റം ചെയ്യാൻ ശ്രമിച്ചത്. അയാൾ ഒറ്റയ്ക്കാണ് വന്നത്. നിങ്ങൾ വന്നതുപോലെതന്നെ ഞാനും മോട്ടോർ ബൈക്കിൽ വന്നുവെന്നും ഞാനെന്റെ വഴിക്ക് പോകുന്നുവെന്നുമുള്ള ഒരു പരാമർശം നടത്തി അയാൾ ബൈക്ക് ഓടിച്ചുപോയി. അതിന്റെമേൽ ഒരു പരാതി കൊടുക്കാനോ അതിന്റെ പേരിൽ ഒരു നടപടി സ്വീകരിക്കാനോ അബ്ദുൾ ഷെറീഫോ അദ്ദേഹവുമായി ബന്ധപ്പെട്ട ആരും തയ്യാറായില്ല. എന്നാൽ രണ്ട് ദിവസം കഴിഞ്ഞപ്പോൾ പള്ളിയിൽ നോമ്പ് നിസ്കാരം കഴിഞ്ഞ് പുറത്തുവരുമ്പോഴാണ് ഗൂഢാലോ

ചനയുടെ ഭാഗമായി ഒരു സംഘം ആളുകൾ പതിയിരുന്ന്, ഈ പറയുന്ന കൊലക്കേസിലെ പ്രതിയായിട്ടുള്ള രാജേഷ് മാത്രം മുന്നോട്ടുവന്ന് അതിമാരകമായ വിധത്തിൽ കുത്തി പരിക്കേൽപ്പിക്കുകയാണുണ്ടായത്. തുടർന്ന് ഇവിടെ സൂചിപ്പിച്ചതുപോലെ പ്രാഥമിക ശുശ്രൂഷകൾക്കുവേണ്ടി കാഞ്ഞങ്ങാട് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും വിദഗ്ദ്ധ ചികിത്സയ്ക്കുവേണ്ടി മംഗലാപുരത്തേയ്ക്ക് കൊണ്ടുപോകുന്ന വഴിയാണ് അബ്ദുൾ ഷെറീഫ് മരണപ്പെട്ടത്. ഈ സംഭവത്തെത്തുടർന്ന് ഇത്തരമൊരു സാഹചര്യം എങ്ങനെയാണ് നമുക്ക് ഒഴിവാക്കാൻ സാധിക്കുക. അത്തരമൊരു സാഹചര്യം ഒഴിവാക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സാമ്പത്തികമായി വളരെയധികം പ്രയാസം അനുഭവപ്പെടുന്ന ഒരു കുടുംബമാണ് അബ്ദുൾ ഷെറീഫിന്റേത്. ഹമീദ് – അസ്മ ദമ്പതികളുടെ മൂന്ന് മക്കളിൽ ഇളയ ആളാണ് ഷെറീഫ്. ഷെറീഫിന്റെ കൊലപാതകത്തെത്തുടർന്ന് സി.പി.ഐ.(എം)–ന്റെയും ഡി.വൈ.എഫ്.ഐ.യുടെയും പതാക പുതപ്പിച്ച ആ മൃതദേഹത്തിൽ റീത്ത് സമർപ്പിക്കുന്നതിനുവേണ്ടി ആർ.എസ്.എസ്., ബി.ജെ.പി. ഒഴികെ കോൺഗ്രസ്സ് ഉൾപ്പെടെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ആളുകൾ എത്തിച്ചേരുകയും റീത്ത് സമർപ്പിച്ച് ആദരാഞ്ജലികൾ അർപ്പിച്ച് പോകുകയും ചെയ്തു. ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത് സർവ്വരുടെയും സ്നേഹാദരവുകൾ പിടിച്ചുപറ്റിയ വെറും 23 വയസ്സ് മാത്രം പ്രായമുള്ള ഒരു ചെറുപ്പക്കാരൻ അതിനിഷ്ഠൂരമായി കൊലചെയ്യപ്പെടുന്നതിനിടയായ സാഹചര്യം ബഹുമാന്യനായ മന്ത്രി ഇവിടെ വിശദീകരിക്കുന്നത് കേൾക്കുമ്പോൾ തോന്നുക സാധാരണ ഗതിയിൽ നാട്ടിലുണ്ടാകുന്ന ഏതോ മദ്യപാനത്തെത്തുടർന്നുള്ള വാക്ക് തർക്കത്തിൽ ഒരാൾ കൊല്ലപ്പെട്ടു, ഒരാൾ മറ്റൊരു

വഴിയിലും കൊല്ലപ്പെട്ടു എന്ന രീതിയിൽ നിസ്സാരവൽക്കരിക്കുകയാണ്. എന്തുകൊണ്ടാണ് ഒരു കേസിൽപ്പോലും പ്രതിയാകാത്ത ആരുടെയും ശത്രു വല്ലാത്ത ഈ പാവപ്പെട്ട ചെറുപ്പക്കാരനായ അബ്ദുൾ ഷെറീഫ് കൊല്ലപ്പെട്ട തെന്ന് പരിശോധിക്കാൻ ഗവൺമെന്റും ആഭ്യന്തര വകുപ്പും തയ്യാറാകണം. അത് പരിശോധിക്കുമ്പോഴാണ് പാണത്തൂരും തൊട്ടടുത്തുള്ള ചെമ്പേരി എന്ന കർണ്ണാടക അതിർത്തിയിലുള്ള പ്രദേശങ്ങളിലും വ്യാപകമായി മരം കള്ളക്ക ടത്തും മണൽ കൊള്ളയും മദ്യമാഫിയയുമാണെന്ന് കാണാൻ സാധി ക്കുന്നത്. ഇതെല്ലാമായി ബന്ധപ്പെട്ട് ഈ കൊലയാളികൾക്കുള്ള ബന്ധം പരിശോധിച്ചാൽ എന്തുകൊണ്ടാണ് അബ്ദുൾ ഷെറീഫ് കൊല്ലപ്പെട്ടതെന്ന് വ്യക്തമാകും. ഇത്തരം അനുഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആഭ്യന്തര വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുന്നുണ്ടെ ങ്കിൽ തീർച്ചയായും അത്തരം ഒരു പരിശോധനയും ഈ സഭയ്ക്കകത്ത് വ്യക്തമാക്കുമ്പോൾ ആ പശ്ചാത്തലത്തോടുകൂടിയ ഒരു വിശദീകരണവും നൽകേണ്ടതായിരുന്നു. അതുണ്ടായില്ലെന്നുമാത്രമല്ല നമ്മുടെ സേന ഈ സ്ഥിതിവിശേഷത്തെ നേരിടാൻ തക്ക പ്രാപ്തിയില്ലാത്ത സേനയായി മാറി ക്കൊണ്ടിരിക്കുന്നു എന്നുള്ള കാഴ്ചയാണ് കാണാൻ സാധിക്കുക.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1180 കൊലപാതക ങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ 367 സ്ത്രീകളും 148 കുട്ടികളുമാണ് കൊല്ലപ്പെ ട്ടത്. ഇതെന്തൊരു ദുർഗതിയാണ് നമ്മൾ അനുഭവിക്കുന്നത്. ഈ കാലയള വിൽ 20 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു. 20 രാഷ്ട്രീയ കൊലപാതക ങ്ങൾ നടന്നതിൽ 2012 മേയ് മാസം 4–ാം തീയതി ഗവൺമെന്റിനുവേണ്ടി

അന്നത്തെ ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞു ഇത് കേരളത്തിലെ അവസാനത്തെ രാഷ്ട്രീയ കൊലപാതകമായിരിക്കും എന്ന്. അതിനുശേഷം 14 പേർ കൊല്ലപ്പെട്ടു. അതിൽ 12 പേർ സി.പി.ഐ.(എം)ന്റെയും, ഡി.വൈ.എഫ്.ഐ. യുടെയും, എസ്.എഫ്.ഐ.യുടെയും അനുഭാവികളാണ്. ആ കൊലപാതകങ്ങളെക്കുറിച്ച് മൗനം ദീക്ഷിക്കുകയാണ് ഗവൺമെന്റും, ആഭ്യന്തരവകുപ്പും ചെയ്തുകൊണ്ടിരിക്കുന്നത്. കാട്ടാക്കടയിൽ അശോകൻ, ആനാവൂരിൽ നാരായണൻ നായർ, ഒറ്റപ്പാലത്ത് ദീപു, ധനുവച്ചപുരത്ത് സജിൻ ഷാഹുൽ, ഗുരുവായൂരിൽ ഫാസിൽ, വിഷുദിനത്തിൽ അച്ഛന്റെ കൺമുന്നിൽ വച്ച് കൊല ചെയ്യപ്പെട്ട ശ്രീരാജ് ഉൾപ്പെടെ എത്ര ചെറുപ്പക്കാരാണ് ആർ.എസ്. എസ്.-ന്റെ കൊലക്കത്തിക്ക് ഇരയായത്. ഈ സംസ്ഥാനത്ത് വർഗ്ഗീയ ലഹളയും കലാപവും സൃഷ്ടിക്കാൻ തുനിഞ്ഞിറങ്ങിയിട്ടുള്ള ആർ.എസ്. എസ്.-നെ നേരിടാൻ പോലീസിന് സാധിക്കുന്നില്ല. അതിന്റെ ഫലമാണ് സി.പി.ഐ.(എം)- ഡി.വൈ.എഫ്.ഐ. പ്രവർത്തകർ നേരിടേണ്ടിവരുന്ന അക്രമങ്ങളും ജീവഹാനിയും. വർഗ്ഗീയ സംഘർഷത്തിന് എങ്ങനെയാണ് അറുതിവരുത്താൻ സാധിക്കുക? ദേശീയ രാഷ്ട്രീയത്തിൽ, പറയാതിരിക്കാൻ സാധിക്കില്ല, പരീക്ഷിച്ച് അല്പം ഫലം കണ്ട വർഗ്ഗീയ ധ്രുവീകരണത്തിന്റെ സമീപനവുമായിട്ട് ബി.ജെ.പി. യും, ആർ.എസ്.എസും മുന്നോട്ടു വരുമ്പോൾ ഗവൺമെന്റും പോലീസും ആഭ്യന്തര വകുപ്പും അതിന് ഒത്താശ ചെയ്യുകയാണ്. എന്തൊരു ഗതികേടാണ് അനുഭവിക്കുന്നത്. കുന്നംകുളത്തെ ഗവൺമെന്റ് പോളിടെക്നിക്കിലെ ഒരു മാഗസിനിൽ വന്ന ഒരു ചിത്രത്തിന്റെ പേരിൽ എന്തുകൊണ്ടാണ് കേസെടുത്തതെന്ന് ഈ സഭയ്ക്കകത്ത് ചോദിച്ചപ്പോൾ പറഞ്ഞ മറുപടി............. എന്ത് നടപടിയാണ് സ്വീക

രിച്ചതെന്ന് സഭയ്ക്കകത്ത് പറയണ്ടേ? സർക്കാരിന്റെ നിലപാട് പരിശോധിക്കപ്പെടണം. വളരെ പ്രധാനമായി പോലീസിനെ രാഷ്ട്രീയവൽക്കരിക്കുന്നു. പോലീസിനെ രാഷ്ട്രീയവൽക്കരിക്കുന്നതിന്റെ ഭാഗമായി എന്റെ ജില്ലയ്ക്കകത്ത് കണ്ണൂർ ഒരു പോലീസ് സൊസൈറ്റിയിൽ നടന്ന തെരഞ്ഞെടുപ്പ് നിർലജ്ജമായിട്ട് കോൺഗ്രസ്സിന്റെ അജണ്ട നടപ്പാക്കാനായി പോലീസ് ഉദ്യോഗസ്ഥന്മാരെ ഉപയോഗപ്പെടുത്തുന്ന കാഴ്ചയാണ് അവിടെ കണ്ടത്. അതിന്റെ ഫലമായി സേനയുടെ അച്ചടക്കം നഷ്ടപ്പെടും. സേനയ്ക്ക് സംഘടനാ സ്വാതന്ത്ര്യം കൊടുത്തത് നല്ലതാണ്. ആ സംഘടനാ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുന്നതിന്റെ കാഴ്ചയാണ് കണ്ണൂർ സൊസൈറ്റിയിൽ നടന്ന തെരഞ്ഞെടുപ്പിൽ കണ്ടത്.

<u>മി. സ്പീക്കർ</u>: ..........പ്ലീസ്.. കൺക്ലൂഡ്..........

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, അതുകൊണ്ടാണ് ഹൈക്കോടതി പറഞ്ഞത് ഈ സേനയ്ക്ക് കൊടുത്ത സംഘടനാസ്വാതന്ത്ര്യം അവസാനിപ്പിക്കേണ്ട സമയം പരിശോധിക്കണമെന്ന്. ആഭ്യന്തര വകുപ്പ് പരിശോധിക്കാൻ തയ്യാറുണ്ടോ; നിഷ്പക്ഷവും സ്വതന്ത്രവുമായ പ്രവർത്തനത്തിന് സേനയെ ഉപയോഗിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? എന്തുകൊണ്ട് കഴിയുന്നില്ല. ആത്മാഭിമാനമുള്ള ഉദ്യോഗസ്ഥർ, പ്രാപ്തരായ ആളുകൾ അവരെയൊക്കെ മൂലയ്ക്കിരുത്തി കൈക്കൂലിക്കാരും, സ്വജനപക്ഷപാതികളും കോൺഗ്രസ്സിനെ അനുകൂലിക്കുന്നവരുമായ ആളുകളെ ഓരോ സ്ഥാനത്തും നിയോഗിച്ചാൽ ഇതല്ലാതെ മറ്റെന്തു ഫലമാണ് നമുക്കുണ്ടാകാൻ പോകുന്നത്. എന്തിനാണ് ഈ സേന? രാഷ്ട്രീയ പ്രതിയോഗികളെ നേരിടുന്നതിനുള്ള സേനയാണോ കേരളത്തിലെ പോലീസ്. ഒന്നരലക്ഷം എൽ.ഡി.എഫ്. പ്രവർത്തകരുടെ പേരിലാണ് കേസ്. അതിൽ മുപ്പതിനായിരത്തിലധികം ആളുകളെ ഇതിനകം

ജയിലിലടച്ചു. കാപ്പയ്ക്ക് എതിരായി അടിയന്തരപ്രമേയം കൊണ്ടുവന്നു. 300 ലധികം ആളുകളാണ് കാപ്പയുടെ ഭാഗമായിട്ട് ജയിലിലടയ്ക്കപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തിട്ടുള്ളതെന്ന് അന്ന് ചൂണ്ടിക്കാണിച്ചു. എന്തി നാണ് ഇങ്ങനെയൊരു സേന? ഈ സേനയുടെ എല്ലാത്തരത്തിലുള്ള അച്ചടക്കവും പൂർണ്ണമായി നഷ്ടപ്പെട്ടിരിക്കുന്നു. സ്ത്രീകൾക്ക് നേരെ നടന്ന കടന്നാക്രമണത്തിൽ, പോലീസ് 115 സ്ത്രീപീഡനക്കേസിലും 13 ബലാൽസം ഗക്കേസുകളിലും പ്രതികളാണ്. ഇതെന്തൊരു ദുരവസ്ഥയാണ്. എങ്ങനെ യാണ് ഇങ്ങനെയൊരു സേനയെയുംകൊണ്ട് ഈ നാട്ടിൽ ക്രമസമാധാനം പാലിക്കാനും, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും സർക്കാരിന് സാധിക്കുന്നത്? അതുകൊണ്ടാണ് ഞങ്ങൾ ആവശ്യപ്പെടുന്നത് അടിയന്തര ഗൗരവത്തോടുകൂടി കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ബാധ്യസ്ഥമായ സർക്കാർ, ആഭ്യന്തര വകുപ്പ് ആ ചുമതല ഏറ്റെടുക്കണം. സേനയുടെ ആത്മവിശ്വാസവും അച്ചടക്കവും തിരിച്ചെടുക്കാൻ സാധിക്കണം. അതിന് സാധിക്കണമെങ്കിൽ ഞങ്ങൾ അനുഭവിക്കുന്നത് അറിയണം. അതിനുവേണ്ടിയാണ് ഈ സഭാനട പടികൾ നിർത്തിവെച്ച് അബ്ദുൾ ഷെരീഫിന്റെ കൊലപാതകം സംബന്ധിച്ച് ഗൗരവപൂർവ്വം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. .............(മൈക്ക് ഓഫ്).............

<u>മി. സ്പീക്കർ:</u> ......നോ........... നോ ....അങ്ങനെ ബഹളമൊന്നും ഉണ്ടാ ക്കേണ്ട. അവിടെയിരിക്ക് ....10 മിനിറ്റ് കഴിഞ്ഞു. ആവശ്യമില്ലാത്ത കാര്യങ്ങ ളൊന്നും പറയണ്ട. ശ്രീ. രാജേഷ് ഒച്ചയെടുക്കുന്നത് ശരിയല്ല..........ഞാൻ പറ യുന്നത് കേൾക്കൂ. ഞാൻ 10 മിനിറ്റ് സമയം തന്നു. നോ.... നോ....

ഞാനിവിടെ ആദ്യമൊന്നുമല്ല നിയമസഭയിലുള്ളത്. അടിയന്തരപ്രമേയം എത്ര സമയമാണെന്ന് എനിക്കറിയാം. പിന്നെ ഇത് അത്യാവശ്യം. അതു ശരിയല്ല. ഒന്നാമത്തെ കാര്യം നിങ്ങൾ നേതാക്കന്മാർ ഇരുന്നുകൊണ്ട് എല്ലാ ത്തിനും താങ്ങുന്നത് ശരിയല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എന്റെ നിയോജകമണ്ഡലത്തിലാണ് ദാരുണമായ ഈ സംഭവങ്ങളെല്ലാം ഉണ്ടായത്. കഴിഞ്ഞ നാലു ദിവസത്തിനി ടയിൽ രണ്ട് കൊലപാതകങ്ങളാണ് ഇവിടെ നടന്നത്. ഇവിടെ അടിയന്തരപ്രമേയത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ അബ്ദുൾ ഷെറീഫിനെ ആക്രമിച്ചത് വൈകുന്നേരം നോമ്പ് തുറന്നതിനുശേഷം ഉണ്ടായ സംഭവമാണ്. 26–ാം തീയതി ഹർത്താൽ ദിനത്തിൽ ഒരു കല്യാണത്തിനുപോകാൻ ബൈക്ക് ഉപയോഗിച്ചുവെന്ന കാരണത്തിൽ ആ വിരോധം നിലനിർത്തി ക്കൊണ്ട് 29–ാം തീയതി വൈകുന്നേരം ഉണ്ടായ ഈ സംഭവത്തിൽ ഡി. വൈ.എഫ്.ഐ. യുടെ പ്രവർത്തകനായ അബ്ദുൾ ഷെരീഫ് കൊലചെയ്യപ്പെ ട്ടു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഇതിനെത്തുടർന്ന് ഏറ്റവും വലിയ ആശങ്കയോടും ഭയത്തോടുംകൂടിയാണ് ആ പ്രദേശത്തെ ജനങ്ങൾ ഇപ്പോൾ കഴിഞ്ഞുകൂടുന്നത്. അത്തരം ഒരു സാഹചര്യത്തിൽ അവിടെ സമാധാനം പുന:സ്ഥാപിക്കുന്നതിനാവശ്യമായ നടപടി അടിയന്തര മായി ഗവൺമെന്റിന്റെ ഭാഗത്തും ആഭ്യന്തര വകുപ്പിന്റെ ഭാഗത്തും നിന്നുണ്ടാ കണമെന്നുള്ള മറുപടിയാണ് ഉത്തരവാദിത്വത്തോടുകൂടി മന്ത്രിയിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്നുമാത്രമാണ് ചൂണ്ടിക്കാണിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സംഭവങ്ങൾ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് കാണുന്നത്. ശ്രീ. ജെയിംസ് മാത്യു ഇവിടെപ്പറഞ്ഞ ചില കാര്യങ്ങൾ വളരെ ശരിയാണ്. കാരണം മണൽക്കടത്ത്, വനംകൊള്ള, തടിവെട്ട് തുടങ്ങിയ നിരവധി പ്രശ്നങ്ങൾ ഇതിന്റെ പിറകിലുണ്ട് എന്നത് ഇവിടെ ജെയിംസ് മാത്യു പറഞ്ഞത് ശരിയാണ്. ഗവൺമെന്റ് അത് ഗൗരവമായി പരിശോധിക്കുകയാണ് ചെയ്തത്. ഇതൊരു രാഷ്ട്രീയ സംഘട്ടനത്തിന്റെ പേരിൽ ഉണ്ടായിട്ടുള്ളതല്ല എന്ന് ഞാൻ വീണ്ടും ആവർത്തിച്ചു പറയുന്നു. ഇത് ഗൗരവമായിത്തന്നെ നമ്മൾ എടുക്കും. അദ്ദേഹം ഇവിടെ സൂചിപ്പിച്ചു, കാസർഗോഡിന്റെ പശ്ചാത്തലം എല്ലാവർക്കുമറിയാവുന്നതാണ്. അതുകൊണ്ട് ഗവൺമെന്റ് വളരെ ഗൗരവത്തോടെ ഈ വിഷയത്തെ കാണുന്നു. 24 മണിക്കൂർ തികയുന്നതിനുമുൻപ് കൊലപാതകം നടത്തിയ 2 പ്രതികളെയും പിടിച്ചു. ആ പ്രദേശത്ത് കൂടുതൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പോലീസ് പട്രോളിംഗ് ശക്തമാക്കുകയും പ്രധാനപ്പെട്ട 5 കേന്ദ്രങ്ങളിൽ 8 പോലീസ് പിക്കറ്റുകൾ ഏർപ്പെടുത്തുകയും ചെയ്തു. ജില്ലാപോലീസ് മേധാവി സംഭവ സ്ഥലം സന്ദർശിച്ചു. ഊർജ്ജിതമായ കേസന്വേഷണം നടന്നുവരികയാണ്. സമാധാനഭംഗം ഉണ്ടാകാതിരിക്കാനുള്ള എല്ലാ നടപടികൾക്കും ഉന്നത പോലീസുദ്യോഗസ്ഥന്മാർ സ്ഥലത്ത് ക്യാമ്പ് ചെയ്ത് നേതൃത്വം കൊടുക്കുന്നു. രണ്ടു കേസുകളും സമഗ്രമായി അന്വേഷിച്ച് എല്ലാ കുറ്റവാളികളുടെയും പേരിൽ നടപടിയെടുക്കും. കണ്ണൂർ ഐ.ജി. വീരേന്ദ്ര കശ്യപിനോട് സ്ഥലം സന്ദർശിക്കാൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. ജെയിംസ് മാത്യു പറഞ്ഞതുൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി പരിശോധിക്കാൻ

കണ്ണൂർ ഐ.ജി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തോട് ഈ സ്ഥലം സന്ദർശിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ശ്രീ. ചന്ദ്രശേഖരനറിയാം, കാസർഗോഡിന്റെ സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ട് പോലീസ് കാഞ്ഞങ്ങാടും, കൊടുങ്ങല്ലൂരും രണ്ട് പുതിയ കൺട്രോൾ റൂമുകൾ സ്ഥാപിക്കാനും തീരപ്രദേശത്തും മറ്റുസ്ഥലങ്ങളിലും നിതാന്ത ജാഗ്രത പാലിക്കാനും വേണ്ടിയും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉടൻതന്നെ ആരംഭിക്കു ന്നതാണ്. നിസ്സാരപ്പെട്ട സംഭവങ്ങൾപോലും വലുതാകാൻ സാധ്യതയുള്ള ഒരു സെൻസിറ്റീവ് ഏരിയ എന്നുള്ള നിലയിൽ പോലീസ് കൂടുതൽ കർശന മായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ക്യാബിനറ്റ് പാസ്സാക്കിയ വിക്ടിം കോമ്പൻസേഷൻ എന്നു പറയുന്ന പുതിയ ആക്ട് ഉണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും സഹായം ചെയ്യാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. മറ്റ് രാഷ്ട്രീയ കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. രാഷ്ട്രീയ കൊലപാതകങ്ങൾ പരമാവധി ഇല്ലാതാക്കുകയെന്നു ള്ളതാണ് ഗവൺമെന്റിന്റെ സമീപനം. പോലീസ് നിഷ്പക്ഷമായും നീതി പൂർവ്വമായും മാത്രമേ പെരുമാറുകയുള്ളൂ. ഈ രണ്ടു കൊലപാത കക്കേസിലെ പ്രതികളെയും അതുകൊണ്ടുതന്നെ താമസംവിനാ തന്നെ പിടി ക്കുകയുണ്ടായി. അവിടെ സംഘർഷാവസ്ഥയുണ്ടാകാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. ശ്രീ. ചന്ദ്രശേഖരൻ എന്നോട് പറഞ്ഞ എല്ലാകാര്യങ്ങളും ഉടനടി ചെയ്തിട്ടുണ്ട്. സംഭവസ്ഥലത്ത് ഇപ്പോൾ സംഘർഷാവസ്ഥ നിലവിലില്ല. കൂടുതൽ സംഭവ വികാസങ്ങൾ ഉണ്ടാകാതി രിക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. പോലീസ് സേനയിൽ അച്ചട ക്കമുണ്ട്. പോലീസ് സേന കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് വന്നശേഷം

രാഷ്ട്രീയകൊലപാതകങ്ങൾ കുറഞ്ഞുവരികയാണ്. ഒരു കൊലപാതകം പോലും ഉണ്ടാകുന്നതിനെ ഞാൻ ന്യായീകരിക്കുന്നില്ല. ഉണ്ടാകാതിരിക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. കഴിഞ്ഞകാലഘട്ടത്തെ അപേക്ഷിച്ച് രാഷ്ട്രീയ കൊലപാതകങ്ങൾ കുറവാണ്. രാഷ്ട്രീയ സംഘട്ടനങ്ങൾ കുറയ്ക്കാനും, രാഷ്ട്രീയ പാർട്ടികളുടെ പേരിൽ ക്രിമിനലുകൾ പരസ്പരം സംഘട്ടനങ്ങളിൽ ഏർപ്പെടുന്നത് തടയാനുള്ള മുൻകരുതലുകളും നടപടികളും പോലീസ് സ്വീകരിച്ചിട്ടുണ്ട്; സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

സംസ്ഥാനത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു പോലീസ് സേനയാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്. അതനുസരിച്ചാണ് മുന്നോട്ടുപോകുന്നത്. സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ കണ്ണൂർ ഐ.ജി–യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. ജെയിംസ് മാത്യു പറഞ്ഞതുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും അന്വേഷിക്കുന്നതാണ്. രണ്ട് കൊലപാതകങ്ങളും ചെയ്തവരിൽ ഒരാളുപോലും രക്ഷപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെയടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(ഗവൺമെന്റിന്റെ വിശദീകരണത്തിന്റെയടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി, ഈ കൊലപാതകം രാഷ്ട്രീയവത്ക്കരിക്കപ്പെട്ടിട്ടില്ലെന്നും രാഷ്ട്രീയമല്ലെന്നും ആവർത്തിച്ച് പറയുന്നു. രാഷ്ട്രീയത്തേക്കാൾ അപകടകരമാണ് വർഗ്ഗീയവത്ക്കരണം. ഗവൺമെന്റ് എന്തുകൊണ്ടാണ് വർഗ്ഗീയവത്ക്കരണത്തെ ഗുരുതരമായ ഒരു പ്രശ്നമായി കാണാത്തത്. വിശേഷിച്ചും കാസർഗോഡ് മേഖലയിൽ തുടർച്ചയായുണ്ടാകുന്ന സംഭവങ്ങൾ. ശ്രീ.നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ബി.ജെ.പി. സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വന്നതോടെ ഇവിടത്തെ ബി.ജെ.പി-ക്കാർക്ക് എന്തും ചെയ്യാമെന്ന ഹുങ്കാണ്. ശ്രീ. ഉമ്മൻചാണ്ടി സർക്കാർ അവർക്ക് ഒത്താശ ചെയ്യാനുള്ളപ്പോൾ ബി.ജെ.പി-ക്കാർക്ക് ഒന്നും പേടിക്കാനില്ലെന്ന സ്ഥിതിയാണുള്ളത്. കാസർഗോഡുള്ള ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ അബ്ദുൾ ഷെറീഫിന്റെ കൊലപാതകവും ഈയൊരു സാഹചര്യത്തിലാണ് ഉണ്ടായത്. 22 വയസ്സുള്ള യുവാവിനെ ബി.ജെ.പി. ക്രിമിനൽ സംഘം വളഞ്ഞ് കുത്തി കൊലപ്പെടുത്തുകയായിരുന്നു. എന്നിട്ടും പോലീസ് അനങ്ങിയിട്ടില്ല. കൊലപാതകം നടത്തിയ സംഘത്തിന്റെ നേതാവിനെ നാട്ടുകാരാണ് പിടിച്ച് പോലീസിൽ ഏൽപ്പിച്ചത്. നാട്ടുകാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും നിയമസമാധാനം ഉറപ്പാക്കാനും ബാധ്യതയുള്ള പോലീസ് കൈയുംകെട്ടി നോക്കിനിന്ന് അക്രമികൾക്ക് കൂട്ടുനിൽക്കുകയാണ്. കോൺഗ്രസ് ബി.ജെ.പി. ബന്ധത്തിന്റെ ചരിത്രമൊക്കെ കേട്ടിട്ടുള്ളതല്ലേ? കോൺഗ്രസിന്റേയും ബി.ജെ.പി-യുടേയും നയങ്ങൾ തമ്മിൽ അടിസ്ഥാനപരമായി ഒരു വ്യത്യാസവുമില്ലെന്ന് നമുക്ക് അറിയാമല്ലോ. ആ ഒരുമ

ശ്രീ.നരേന്ദ്രമോദി സർക്കാർ ആവർത്തിച്ച് തെളിയിച്ചുകൊണ്ടിരിക്കുകയാണല്ലോ. കോൺഗ്രസ് ചേട്ടൻ ബാവയാണെങ്കിൽ ബി.ജെ.പി അനിയൻ ബാവയല്ലേ? ബായി ബായി പറഞ്ഞ് നാടിനെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്. ബി.ജെ.പി-യോടുള്ള ഈ മൃദുസമീപനംകൊണ്ടല്ലേ അവർ നാട്ടിൽ അക്രമങ്ങളും കൊലപാതകങ്ങളും അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നത്. പല കൊലപാതകങ്ങളുടെ പേരിലും മുതലക്കണ്ണീരൊഴുക്കുന്ന സർക്കാർ ഒരു ഡി.വൈ.എഫ്. ഐ. പ്രവർത്തകനെ അരുംകൊല ചെയ്തിട്ട് എന്തുകൊണ്ടാണ് കുന്തംവിഴുങ്ങിയതുപോലെയിരിക്കുന്നത്? സർക്കാർ അതിനെക്കുറിച്ച് ചർച്ച ചെയ്യാനുള്ള സന്മനസ്സുപോലും കാണിക്കുന്നില്ലല്ലോ? സർക്കാരിന്റെ ഈ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ വളരെ നിർഭാഗ്യകരവും മനുഷ്യത്വരഹിതവുമായ ഒരു സംഭവമാണ് അടിയന്തരപ്രമേയത്തിലൂടെ സഭയിൽ ഞങ്ങൾ ഉന്നയിച്ചത്. 22 വയസ്സുള്ള അബ്ദുൾ ഷെറീഫിന്റെ വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടു. അതിന്റെ പേരിൽ യാതൊരനുകമ്പയുമില്ലാതെയാണ് ഭരണ കക്ഷിയിലെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ അപശബ്ദങ്ങളുയർത്തുന്നത്. ജീവകാരുണ്യപരമായിട്ടെങ്കിലും ഇതിനെ കാണണ്ടേ? കൊലപാതകം നടന്നുവെന്ന് ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞപ്പോൾ അതിന് മുമ്പുള്ള ഒരു കൊലപാതകംകൂടി ചേർത്തു. അത് സഭയ്ക്ക് അറിയില്ലായിരുന്നു. സഭയിൽ ഉന്നയിച്ചത് 22 വയസ്സുകാരനായ അബ്ദുൾ ഷെറീഫിന്റെ ദാരുണമായ കൊല പാതകമാണ്. ഈ കൊലപാതകത്തിന്റെ പ്രതികൾ രാഷ്ട്രീയക്കാരല്ലേ? ബി.ജെ.പി.-ആർ.എസ്.എസ്. ഗുണ്ടകളാണ് ഇദ്ദേഹത്തെ കൊലചെയ്തത്. ഈ മാസം ഒരു പ്രത്യേക വിഭാഗത്തിന്റെ പുണ്യമാസമാണ്. അബ്ദുൾ ഷെറീ ഫ് പ്രാർത്ഥനയ്ക്കുപോയി മടങ്ങുമ്പോഴാണ് കൊലചെയ്യപ്പെട്ടത്. മനുഷ്യത്വ മുണ്ടോ? ഗവൺമെന്റ് അപലപിക്കണ്ടേ? ഈ രാജ്യത്ത് ആളുകൾക്ക് ജീവി ക്കാനും പള്ളിയിലോ അമ്പലത്തിലോ പോകാനും നിവൃത്തിയില്ല. നിർഭാഗ്യ വശാൽ അരുംകൊല നടക്കുകയാണ്. നമ്മളെല്ലാം അത്തരം കൊലപാതക ങ്ങൾക്കെതിരാണ്. നമ്മുടെ രാഷ്ട്രീയ നിഘണ്ടുവിലൊന്നും എതിരാളികളെ കൊല്ലാൻ പറഞ്ഞിട്ടില്ല. ഏത് പാർട്ടിയായാലും കേരളത്തിൽ കൊലപാതകം പാടില്ല, അതിന് അവകാശവുമില്ല. കൊലപാതകങ്ങൾ തടയാനാണ് പോലീ സിനെ നിയമിച്ചിരിക്കുന്നത്. അബ്ദുൾ ഷെറീഫിന്റെ ശവശരീരം മറവ് ചെയ്തിട്ടില്ല. അത് കേരളത്തിന്റെ മുമ്പിൽ കിടക്കുകയാണ്. ആ നിരപരാ ധിയെ കൊലചെയ്തതെന്തിനാണ്? എന്ത് തെറ്റാണ് അദ്ദേഹം ചെയ്തത്? അടിയന്തരപ്രമേയ അവതാരകൻ പറഞ്ഞതിന്റെ പശ്ചാത്തലത്തിൽ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് മണൽ മാഫിയ, തടികടത്ത്, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവർ എന്നിവരുമായി ഇതിന് ബന്ധമുണ്ടെന്നാണ്. അത് ഭരണത്തിന്റെ നേട്ടമാണോ? രാജ്യത്ത് ഇതെല്ലാം നിർബാധം നടക്കുക യാണ്. പോലീസ് വളരെ പ്രഗത്ഭരാണെന്ന് പറയുകയുണ്ടായി. എനിക്കതിൽ അഭിപ്രായവ്യത്യാസമൊന്നുമില്ല. പക്ഷേ ഹൈക്കോടതിയുടെ ചില നിരീക്ഷ

ണങ്ങൾ വന്നിട്ടുണ്ട്. അങ്ങ് അത് കാണണം. കേരളത്തിലെ പോലീസിനെക്കുറിച്ച് ഈയടുത്ത കാലത്ത് ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തിയിട്ടുള്ള ചില നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. പോലീസ് വകുപ്പിനകത്ത് രാഷ്ട്രീയാതിപ്രസരമാണ്. പുതിയ രാഷ്ട്രീയാതിപ്രസരം വരാൻ പോവുകയാണ്. ഇവിടെയുള്ള ഐ.പി.എസ്.-ഐ.എ.എസ് ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്ന കേന്ദ്രം വേറെയാണെന്നാണ് പ്രചരിച്ചിരിക്കുന്നത്. കേരളത്തിന്റെ ക്രമസമാധാനം കൂടുതൽ വഷളാകാനുള്ള സാധ്യതയുള്ളതിനാൽ ഇത്തരം കാര്യങ്ങൾ മുളയിലേ നുള്ളണം. രാഷ്ട്രീയം പാടില്ല. ഞങ്ങൾ ഉന്നയിച്ച വിഷയത്തിന് നിങ്ങൾ മറുപടി പറഞ്ഞാൽ ഷെറീഫ് തിരിച്ചുവരുമെന്നാണോ ചിന്തിക്കേണ്ടത്. ആ രീതിയിൽ ഏകകണ്ഠമായി ഈ വിഷയമിവിടെ ചർച്ച ചെയ്താൽ പലതും പുറത്തുവരും. പക്ഷേ അത് ഉണ്ടായില്ല. വിലക്കയറ്റം അംഗീകരിക്കില്ല, റെയിൽവേയുടെ കാര്യങ്ങൾ അംഗീകരിക്കില്ല..... കൊലപാതകം നടന്നാൽ ചർച്ച ചെയ്യണ്ടെന്ന് ഗവൺമെന്റുതന്നെ പറയുന്നു. ചർച്ച ചെയ്യാൻ എന്താണ് തടസ്സം? ഏത് നിയമമാണ് തടസ്സം നിൽക്കുന്നത്? ഒരു നിയമവും തടസ്സമല്ല. ഇത്തരം സംഭവങ്ങൾ സഭയിൽ സമയമെടുത്ത് ഭരണപ്രതിപക്ഷാംഗങ്ങൾ ചർച്ചചെയ്യുന്നതിനുള്ള ജനാധിപത്യപരമായ അവകാശം നിഷേധിക്കുന്നത് ശരിയല്ല. ഒരു അടിയന്തരപ്രമേയവും ചർച്ചചെയ്യാൻ അനുവദിക്കില്ല എന്നുള്ള ദുർവാശി ഇതിലും തുടരുന്നു. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. മാത്യു റ്റി.തോമസ്</u>: സർ, കൊലചെയ്യപ്പെട്ട ആളിന്റെയും കൊല പാതകം ചെയ്തവരുടെയും രാഷ്ട്രീയബന്ധവും സമുദായവുമൊക്കെ രണ്ടാമത് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. ജീവിതത്തിൽ നിരവധി സ്വപ്നങ്ങളും പ്രതീക്ഷകളുമുണ്ടായിരുന്ന ഇരുപത്തിമൂന്ന് വയസ്സുള്ള ഒരു ചെറുപ്പക്കാരൻ അതൊന്നും പൂർത്തീകരിക്കാനാകാതെ അർദ്ധരാത്രിയിൽ ഗുണ്ടകളുടെ അക്രമണത്താൽ കൊല ചെയ്യപ്പെടുന്ന സ്ഥിതിവിശേഷം എത്ര ചർച്ച ചെയ്താലും, എന്ത് സാമ്പത്തിക സഹായം കൊടുത്താലും ആ കുടുംബത്തിലുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ സാധിക്കുകയില്ല.  ജീവൻ അമൂല്യമാണ്. അമൂല്യമായ ജീവൻ സംരക്ഷിക്കുന്ന കാര്യത്തിൽ നമ്മുടെ നിയമസംവിധാനം പരാജയപ്പെടുന്ന സ്ഥാനത്താണ് ആദ്യത്തെ പ്രതികരണം ഉണ്ടാകേണ്ടത്. രണ്ടാമത്തെ പ്രശ്നം, കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം  വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ നാട്ടിൽ അഴിഞ്ഞാട്ടം നടത്തുന്നതിനുള്ള പരിശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്.  അത് തടയാൻ നമുക്ക് കഴിയണം.  രാത്രി എട്ട് മണിക്ക് നൊയമ്പുതുറ കഴിഞ്ഞ് പള്ളിയിൽ നിന്നും വീട്ടിലേയ്ക്ക് പോകുന്നതിനിടയിൽ ഒരാൾ അക്രമിക്കപ്പെടുക എന്ന് പറയുമ്പോൾ, ഒരു വിഭാഗത്തിന്റെ പരിശുദ്ധ ദിനങ്ങളിൽ നടത്തേണ്ടുന്ന പ്രാർത്ഥനകൾ നിർവിഘ്നം നടത്തിക്കൊടുക്കുന്ന കാര്യത്തിൽ നമ്മുടെ സംവിധാനം പരാജയപ്പെടുകയാണ് ചെയ്യുന്നത്. ഇതൊക്കെ വളരെ ഗൗരവമായി കാണേണ്ടുന്ന വിഷയങ്ങളാണ്. പള്ളിയിൽ നിന്നും പ്രാർത്ഥനകഴിഞ്ഞ് സമാധാനപരമായി വീട്ടിൽ പോകുന്ന ആൾ അക്രമിക്കപ്പെടുന്ന സ്ഥിതി വിശേഷവും ദേശീയ രാഷ്ട്രീയത്തിൽ വന്നിരിക്കുന്ന മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ അഴിഞ്ഞാട്ടം നടത്താൻ പരിശ്രമിക്കുന്നതും ഗൗരവമായി കണക്കാക്കേണ്ട വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ

പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും പുറത്തുപോയി.)

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, ഒരു പഞ്ചായത്തിൽ ഒരാഴ്ച്ചയ്ക്കകം രണ്ട് കൊലപാതകങ്ങൾ നടന്നിരിക്കുന്നു. ആ കൊലപാതകത്തിനുള്ള കാരണം എന്ത് തന്നെയായിരുന്നാലും ഇവിടെ വിശദീകരിച്ചതുപോലെ രണ്ട് പാർട്ടികളുമായി ബന്ധമുള്ളവരാണെന്ന് ഇതിനകം ബോധ്യമായി കഴിഞ്ഞിരിക്കുകയാണ്. ഇതൊരു പുതിയ പ്രവണതയായി നാം കാണണമെന്നാണ് എന്റെ അപേക്ഷ. ഇവിടെ ചൂണ്ടികാണിച്ചതുപോലെ, കുറേക്കാലമായി കണ്ണൂർ, കോഴിക്കോട് മേഖലയിൽ ബി.ജെ.പി. സി.പി.ഐ. (എം) സംഘർഷം കുറവായിരുന്നു. ഇപ്പോൾ അത് പുനരാരംഭിക്കുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്. അതിനുകാരണം ബി.ജെ.പി.-ക്ക് ദേശീയ രാഷ്ട്രീയത്തിൽ ലഭിച്ച മേൽക്കൈ ആണ്. ആ ലഭിച്ച അവസരം ഉപയോഗിച്ച് നിസാര കാരണങ്ങളുടെ മേൽ രാഷ്ട്രീയ പ്രതിയോഗികളെ കൊലപ്പെടുത്താനും അക്രമിക്കാനും അവർ പദ്ധതിയിട്ടിട്ടുണ്ട്. ഇതാണ് നമ്മെപ്പോലുള്ള രാഷ്ട്രീയ പാർട്ടികൾ ഗൗരവത്തിൽ ആലോചിക്കേണ്ട പ്രശ്നം. ഇതിൽ അലംഭാവമുണ്ടെന്ന് ഭരണപക്ഷം സംശയിക്കുന്നത് എന്തുകൊണ്ടാണ്? കോഴിക്കോട് ഇന്ന് ഹർത്താലാണ്. ഹർത്താൽ ആഹ്വാനം ചെയ്തത് ബി.ജെ.പി. യും യു.ഡി.എഫ്. ഉം ആണ്. ഇത് യാദൃശ്ചികമാണോ; അതല്ല കണക്കുകൾ കൂട്ടിക്കൊണ്ടുള്ള ഒരു ബന്ധമാണോ? ഇത്ര ചുരുങ്ങിയ കാലത്തിനകത്തുതന്നെ ഇങ്ങനെയൊരു

സംഭവവികാസം എന്തുകൊണ്ടാണ് ബി.ജെ.പി.-യു.ഡി.എഫ്. ബന്ധത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്? ഇതെല്ലാം കൂട്ടിവായിക്കുമ്പോഴാണ് മതേതര ജനാധിപത്യ-പുരോഗമന പാർട്ടികൾ ഈ പ്രശ്നം ആഴത്തിൽ പരിശോധിക്കേണ്ടതാണെന്ന് പ്രതിപക്ഷം ആവശ്യപ്പെടുന്നത്. ഒരുപാട് കൊലപാതകങ്ങൾ ഉണ്ടായാലേ അടിയന്തരപ്രമേയത്തിന് അനുമതി നൽകൂ എന്നുണ്ടോ? ഒരു പഞ്ചായത്തിൽത്തന്നെ രണ്ട് കൊലപാതകങ്ങൾ ഉണ്ടാകുമ്പോൾ പ്രശ്നങ്ങൾ മുളയിലേ നുള്ളിക്കളയണമെങ്കിൽ നമ്മൾ തുറന്ന മനസ്സോടുകൂടി ചർച്ച ചെയ്യണം. അങ്ങനെയൊരു ചർച്ചയ്ക്ക് ദൗർഭാഗ്യവശാൽ ഗവൺമെന്റ് തയ്യാറാകുന്നില്ല. ഇത് ഈ സ്റ്റേറ്റിനോടുള്ള കുറ്റകൃത്യമാണ്. ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും പുറത്തുപ്പോയി.)

(സഭയിൽ നിന്നും പുറത്തുപോയ അംഗങ്ങൾ അൽപ്പസമയം കഴിഞ്ഞ് സഭയിൽ ഹാജരായി.)